# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3451.

11-12-2018 ൽ മറുപടിയ്ക്ക്

## ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി പദ്ധതി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) | ജലാശയങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതിയാണ് സഹസ്ര സരോവർ പദ്ധതി.<br>2018-19 സാമ്പത്തിക വർഷം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് ജലാശയങ്ങളുടേയും നീരുറവകളുടേയും പുന:രുജ്ജീവനത്തിനായി ഒരു പുതിയ പദ്ധതിയ്ക്ക് (2402-00-102-78 പദ്ധതി ശീർഷകം) അംഗീകാരം ലഭിച്ചിട്ടുണ്ട്. പരമ്പരാഗത ഉറവകളുടേയും, ജല സ്രോതസ്സുകളുടേയും പുനരുദ്ധാരണത്തിന് ഭൂഗർഭവിതാന തോത് ആപത്കരമാം വിധം കുറഞ്ഞിരിക്കുന്ന പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുവാനും നദികളുടെ കൈവഴികളുടേയും നീർച്ചാലുകളുടേയും പുനരുജ്ജീവനത്തിനായി മൂന്ന് ഘടകങ്ങൾക്കാണ് ഈ പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്; | (ബി)<br>&<br>(സി) | കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന സഹസ്ര സരോവർ പദ്ധതി പ്രധാനമായും നബാർഡിന്റെ ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. സ്കീം മുഖേനയും കൃഷി വകുപ്പിന്റെ കീഴിൽ കേന്ദ്രധനസഹായത്തോടെ ആർ.കെ.വി.വൈ സ്കീം മുഖേനയും നടപ്പിലാക്കി വരുന്നു. 2018-19 വർഷത്തിൽ കെ.എൽ.ഡി.സി.യ്ക്കായി നബാർഡ് ധന സഹായത്തിലുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി 56 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 19.11 കോടി രൂപ അടിസ്ഥാന സൗകര്യ വികസനവും സഹസ്ര സരോവർ പദ്ധതി എന്നതിലേയ്ക്കായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ ആർ.ഐ. |
| (സി) | ഇതിൽ എത്ര ശതമാനമാണ് ചെലവഴിച്ചത്; | | |

<table>
<tr>
<td></td>
<td></td>
<td></td>
<td>ഡി.എഫ്. 20, ആർ.ഐ.ഡി.എഫ്. 21 എന്നീ സ്കീമുകളിലായി 36.89 ശതമാനം ചെലവഴിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. 22 സ്കീമുകളുടെ ടെണ്ടറിംഗ് നടപടികൾ പൂർത്തിയായി വരുന്നു. ബിൽ തുകകൾ നൽകിത്തുടങ്ങിയിട്ടില്ല.<br>മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനത്തിനായുള്ള പദ്ധതിയ്ക്കായി 2018-19-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിനായി 25 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. തുകയൊന്നും ചെലവഴിച്ചിട്ടില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>ഏതെല്ലാം ജില്ലകളിലാണ് കൃഷി വകുപ്പ് പ്രസ്തുത പ്രവർത്തനം നടപ്പിലാക്കിയത്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?</td>
<td>(ഡി)</td>
<td>മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിലെ രണ്ട് പൊതുകുളങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.<br>കെ.എൽ.ഡി.സി. നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>കുളങ്ങളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>3</td></tr>
<tr><td>കൊല്ലം</td><td>21</td></tr>
<tr><td>കോട്ടയം</td><td>5</td></tr>
<tr><td>ആലപ്പുഴ</td><td>8</td></tr>
<tr><td>എറണാകുളം</td><td>6</td></tr>
<tr><td>തൃശ്ശൂർ</td><td>23</td></tr>
<tr><td>പാലക്കാട്</td><td>20</td></tr>
<tr><td>കോഴിക്കോട്</td><td>2</td></tr>
<tr><td>കണ്ണൂർ</td><td>23</td></tr>
<tr><td>കാസർഗോഡ്</td><td>6</td></tr>
</table>
</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**